"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ദിനാഘോഷം 2024-25 വർഷത്തെ വിവിധ പുരസ്കാരങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.116/2026/LSGD തീയതി, തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 2901/2025/ത.സ്വ.ഭ.വ, തീയതി, 01.12.2025.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി രൂപീകരിച്ച സമിതി 07.01.2026 -തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22-12-2025 തീയതിയിലെ LSGD/PD/41619/2024-DPLD3 നമ്പർ കത്ത്,
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26-12-2025 തീയതിയിലെ LSGD/PD/38336/2025-GEB4 നമ്പർ കത്ത്.
5. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 03.01.2026 തീയതിയിലെ NREGA/812/2023-A4 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, 2024-25 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി, പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെയും ഭരണ നിർവ്വഹണത്തിലെയും മികവിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പുരസ്കാരങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതി പരാമർശം (2) പ്രകാരം ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പുരസ്കാരങ്ങൾക്കുള്ള കരട് മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ എന്നിവർ പരാമർശം (3), പരാമർശം (4),പരാമർശം (5) എന്നിവ പ്രകാരം ലഭ്യമാക്കിയിരുന്നു. മികച്ച ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (സംസ്ഥാനതലം - 1 അവാർഡ്), മികച്ച സെക്രട്ടറി- ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ (സംസ്ഥാനതലം - 5 അവാർഡ്), മികച്ച ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, MGNREGS (സംസ്ഥാനതലം - 1 അവാർഡ്), ട്രൈബൽ പ്ലസ് പുരസ്കാരം (സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ട്രൈബൽ പ്ലസ്

പദ്ധതിയിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച ഗ്രാമപഞ്ചായത്തിന് പ്രത്യേക പുരസ്കാരം - സംസ്ഥാനതലം - 1 അവാർഡ്) എന്നീ അവാർഡുകൾ കൂടി ഈ വർഷം ഉൾപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, MGNREGS ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തേയ്ക്കുള്ള സ്വരാജ് ട്രോഫി (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ); മഹാത്മാ പുരസ്കാരം; മഹാത്മാ അയ്യങ്കാളി പുരസ്കാരം; മികച്ച ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്; മികച്ച സെക്രട്ടറി- (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) തദ്ദേശ സ്വയംഭരണ വകുപ്പ്; മികച്ച ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, MGNREGS; ട്രൈബൽ പ്ലസ് പുരസ്കാരം എന്നിവ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവന്തപുരം.
സി.ഇ.ഒ, ലൈഫ് മിഷൻ.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഇ.എം.3/223/2025/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-01-2026 10:48:24
സെക്ഷൻ ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസ് -ന്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.